LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഹയർസെക്കണ്ടറി സ്ക്കൂൾ അധ്യാപക ഒഴിവുകൾ

130 [749] ശ്രീ. എം. കുമാരൻ: താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ നിരവധി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂളുകളിൽ സ്ഥിരം അധ്യാപകരില്ലാത്തതിനാൽ പഠനം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഹയർസെക്കണ്ടറി സ്ക്കൂളുകളിൽ ഒഴിവുള്ള മുഴുവൻ അധ്യാപക തസ്തികകളിലും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്ഥിരാധ്യാപകരില്ലാത്ത സ്ക്കൂളുകളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചും എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖനേ താൽക്കാലിക നിയമനം നടത്തിയും അധ്യാപനം മുടങ്ങാതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥിരാധ്യാപകരെ നിയമിക്കുന്നതിന് പി. എസ്. സി. ഇതിനകം തന്നെ കംപ്യൂട്ടർ സയൻസ് ഒഴികെയുള്ള വിഷയങ്ങളിൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി വരികയാണ്.

കോഴിക്കോട് ജില്ലയിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളിൽ നിയമനം

131 [750] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂൾ, തേക്കല്ലൂർ ഹയർസെക്കണ്ടറി സ്ക്കൂൾ, കൊളത്തൂർ ഹയർസെക്കണ്ടറി സ്ക്കൂൾ എന്നിവിടങ്ങളിൽ അനുവദിക്കപ്പെട്ട അധ്യാപക തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര തസ്തികകളിൽ നിയമനം നടത്തുവാൻ ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം തസ്തികകളിലെ അധ്യാപകർ അവധിയിലാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.